# പ്രധാന ജല സ്രോതസ്സുകൾ

## കിണർ

ഭൂമിക്കടിയിലുള്ള പ്രകൃത്യാ ഉണ്ടാകുന്ന നീരുറവകളുടെയും മറ്റും ജലശേഖരങ്ങളിൽ നിന്ന് ഭൂമി കുഴിച്ച് ജലം എടുക്കുവാനുള്ള ഒരു സംവിധാനമാണ് കിണർ.

## കുളം

അകത്തേക്കോ പുറത്തേക്കോ ഒഴുക്കില്ലാത്ത ഒറ്റപ്പെട്ട ചെറിയ ജലാശയങ്ങളെയാണ് കുളം എന്ന് പറയുന്നത്. പ്രധാനമായും മഴയാണ് കുളങ്ങളിലെ ജലത്തിന്റെ സ്രോതസ്സ്.

## പുഴ/നദി

പ്രകൃത്യാ ഉണ്ടാകുന്ന വലിയ ജലസരണികളെ നദികൾ എന്ന് വിളിക്കുന്നു. നദികളെ പുഴകൾ, ആറുകൾ എന്നും വിളിക്കാറുണ്ടെങ്കിലും താരതമ്യേന ചെറിയ ജലസരണികളാണ് പുഴകൾ/ആറുകൾ.

## തടാകം

നാലുപാടും കരയാൽ ചുറ്റപ്പെട്ട വലിയ വ്യാപ്തിയുള്ള ജലാശയത്തെയാണ് തടാകം എന്ന് പറയുന്നത്. ഭൂമിയിലെ മിക്കവാറും എല്ലാ തടാകങ്ങളും ശുദ്ധജലതടാകങ്ങളാണ്.

## കടൽ

സമുദ്രവുമായി ബന്ധപ്പെട്ട് കിടക്കുന്ന ലവണ ജലത്തിന്റെ പരപ്പിനെയാണ് കടൽ എന്ന് വിളിക്കുന്നത്.

## മനുഷ്യനിർമ്മിതമായ ജലസ്രോതസ്സുകൾ

തോട്, കനാൽ, മഴക്കുഴികൾ, മഴവെള്ള സംഭരണി, നീർച്ചാലുകൾ തുടങ്ങിയവ മനുഷ്യനിർമ്മിതങ്ങളായ ജലസ്രോതസ്സുകളാണ്.

കൃഷി ഒരു ജീവിത സംസ്കാരമായി കണ്ടിരുന്ന കേരളീയ ജനത പ്രകൃതിയുമായി ഇണങ്ങിയാണ് ജീവിച്ചത്. ഇടവപ്പാതിയും തുലാവർഷവും വേനൽമഴയും അവന്റെ ജീവിതത്തെ ധന്യമാക്കി. ഇത് ജലസ്രോതസ്സുകളുടെ വളർച്ചക്കും സംരക്ഷണത്തിനും വഴിതെളിയിച്ചു. എന്നാൽ ഇന്നത്തെ അവസ്ഥ നേരെ തിരിച്ചാണ്.